പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4033

25.06.2018 ലെ മറുപടിയ്ക്ക്.

## പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|
| വീട്ടുകളിൽ പഠിക്കാൻ സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠന മുറികൾ നിർമ്മിക്കുന്നതിന് പട്ടിക ജാതി വികസന വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി 2017-18 വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീടുകളെയാണ് പരിഗണിക്കുന്നത്. കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. 120 Sq. feet വലിപ്പത്തിലുള്ള പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ധനസഹായ തുക 15%, 30%, 40%, 15% എന്ന നിരക്കിൽ നാല് ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു. 2017-18 വർഷം 6615 ഗുണഭോക്താക്കൾക്ക് പഠനമുറി പദ്ധതി പ്രകാരം ധനസഹായത്തിനായി തെരെഞ്ഞെടുക്കുകയും 48 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ